പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1050 | 05.03.2020 ൽ മറുപടിക്ക്

## ആലപ്പുഴ- അമ്പലപ്പുഴ രണ്ടുവരി റെയിൽപ്പാത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ - അമ്പലപ്പുഴ (10 - കിലോമീറ്റർ) രണ്ടുവരി റെയിൽപ്പാത സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞാൽ ആലപ്പുഴ മുതൽ തിരുവനന്തപുരം വരെ രണ്ടുവരിപ്പാത പൂർത്തിയാകുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അർത്ഥന റെയിൽവേയിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ആലപ്പുഴ - അമ്പലപ്പുഴ രണ്ടുവരിപ്പാതയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി യുദ്ധകാലാടിസ്ഥാനത്തിലാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | | |
| (സി) | തീരദേശ റെയിൽപ്പാതയിലെ ആലപ്പുഴ - എറണാകുളം രണ്ടുവരിപ്പാതയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ? | (സി) | എറണാകുളം - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കുന്നതാണെന്ന് പദ്ധതി പ്രഖ്യാപന വേളയിൽ അറിയിച്ചിരുന്നു. എന്നാൽ ഉയർന്ന ഭൂമി വില കാരണം പദ്ധതി ചിലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് റെയിൽവേ ആവശ്യപ്പെടുന്നത്. എന്നാൽ 2010 മുതൽ 2015 വരെയുള്ള വിവിധ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളത് പോലെ ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ